അറബി മുൻഷി

*൪൯൯. (൨൪) സാഹിബ് ബഹദൂർ ടി. മൊയ്തീൻകുഞ്ഞു": താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) കരുനാഗപ്പള്ളി ക്ലാപ്പ്ന എസ്. വി. എം. പി. സ്കൂളിൽ ഒരു അറബി മുൻഷിയെ നിയമിച്ചു മാനേജർ അസി. ഇൻസ്പെക്ടരാഫീസിലേക്കു് റിപ്പോർട്ടു ചെയ്തതു് എന്നാണു്;

(ബി) അക്കാലത്തു് എത്ര മുസ്ലീം വിദ്യാർത്ഥികൾ ഉണ്ടെങ്കിലാണു് ഒരു സ്കൂളിൽ അറബി മുൻഷിയെ നിയമിക്കാമെന്ന നിയമമുണ്ടായിരുന്നതു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഫൻ — ൭— ഫ ഫ൨ ൪–ൽ റിപ്പോർട്ടു ചെയ്തു.

(ബി) മുസ്ലീം വിദ്യാർത്ഥികളുടെ സംഖ്യയനുസരിച്ചല്ലായിരുന്ന അന്നത്തെ നിയമം. ഓരോ പള്ളിക്കൂടത്തേയും പറ്റി മുസ്ലീം എഡുക്കേഷൻ ഇൻസ്പെക്ടരുടെ ശിപാർശയനുസരിച്ചു് യുക്തമെന്നു തോന്നിയ തീരുമാനം കൈക്കൊള്ളുകയായിരുന്നു ചെയ്തുപോന്നതു്.

ആശുപത്രി

*൫൦൦. (൨൫) സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ —

(എ) കായംകുളത്തെ ഡി. ഡിസ്പെൻസറി ഒരു ആശുപത്രി ആക്കുന്നതിലേക്കു് പൊതുജനങ്ങളും, മുനിസിപ്പാലിറ്റിയുംകൂടി എത്ര രൂപാ ഗവൺമെണ്ടിനെ ഏല്പിച്ചിട്ടുണ്ടു്;

(ബി) ഇതുവരെ തൽസംബന്ധമായ യാതൊരു പ്രവർത്തനവും ആരംഭിക്കാതിരിക്കുന്നതിനു് കാരണമെന്താണു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൭,൦൦൦ രൂ.

(ബി) കായംകുളം ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തേണമെന്നു മുനിസിപ്പാലിറ്റി ഗവൺമെണ്ടിനോടാവശ്യപ്പെട്ടു. തൻമൂലം ഇക്കാര്യത്തെക്കുറിച്ചു ഒരു തീരുമാനമെടുക്കുന്നതുവരെ മുൻനിശ്ചയപ്രകാരം ഡിസ്പെൻസറി പണിയുന്ന കാര്യം നിർത്തിവെയ്ക്കേണ്ടതായിവന്നു. ഇപ്പോൾ കായംകുളത്തു് ഒരാശുപത്രി പണിയുവാൻ തീരുമാനിച്ചിട്ടുണ്ടു്. കെട്ടിടം പണിയേണ്ടതിനുവേണ്ട നടപടികളും എടുക്കുന്നുണ്ടു്.

ഡിസ്പെൻസറികൾ

*൫൦൫. (൨൩) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചി–തിരുവിതാംകൂർ സംയോജനത്തിനുശേഷം എത്ര ഡിസ്പെൻസറികൾ സംസ്ഥാനത്തിൽ സ്ഥാപിതമായിട്ടുണ്ടു്; ഏതെല്ലാം സ്ഥലങ്ങളിൽ;

(ബി) ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിലേക്കു് പ്രതിവർഷം എത്ര സംഖ്യ ഗവൺമെണ്ടു് ചിലവിടേണ്ടതായി വന്നിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly